ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

'പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങൾ'

46 [857] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടവമാസത്തിലെ അതിവർഷവും കൊടുങ്കാറ്റുംമൂലം സംസ്ഥാനത്ത് എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് അപകടം സംഭവിച്ചു;

(ബി) പൂർണ്ണമായും, ഭാഗികമായും തകർന്ന ഭവനങ്ങൾ ഓരോ വിഭാഗത്തിലും എത്ര വീതം;

(സി) സംസ്ഥാനത്ത് കൃഷിനാശം മൂലം എന്ത് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നഷ്ടം സംഭവിച്ചവർക്ക് ഗവൺമെന്റ് ഇതിനകം എന്ത് ആശ്വാസ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 29-6-2004 വരെ ലഭ്യമായ കണക്കനുസരിച്ച് 88 പേർക്ക് ജീവഹാനി സംഭവിക്കുകയും, 13 പേരെ കാണാതാകുകയും, 142 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൂർണ്ണമായി തകർന്നത് - 1007

ഭാഗികമായി തകർന്നത് - 14443

(സി) ഇപ്പോഴുണ്ടായ കാലവർഷക്കെടുതി മൂലം ഇതുവരെ 19680 ഹെക്ടറിലെ കൃഷി പൂർണ്ണമായും നശിച്ചിട്ടുണ്ട്. ഇതുമൂലം 177.45 കോടി രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിരിക്കുന്നത്.

(ഡി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽ നിന്നും, മാനദണ്ഡമനുസരിച്ച് ധനസഹായം അർഹരായവർക്ക് വിതരണം ചെയ്യുകയും, കൃഷിനാശം സംഭവിച്ചവർക്ക് കൃഷിഭവൻ മുഖേന ധനസഹായം വിതരണം ചെയ്യുകയും ചെയ്തുവരുന്നു.

പാത്രക്കടവ് പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം

47 [858] ശ്രീ. എം. മുരളി:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ:

,, കെ. അച്ചുതൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാത്രക്കടവ് പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ ആരെയാണ് ചുമതലപ്പെടുത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്ഥാപനം ഇത്തരം പഠനം നടത്തി പരിചയം സമ്പാദിച്ചിട്ടുണ്ടോ;

(സി) ഈ സ്ഥാപനം ഇതിനുമുൻപ് ഏതെല്ലാം കാര്യത്തിൽ ഇത്തരം പഠനം നടത്തിയിട്ടുണ്ട്;

(ഡി) പാത്രക്കടവ് പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം നടത്തിയതിന് സ്ഥാപനത്തിന് എന്തു പ്രതിഫലം നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാത്രക്കടവ് പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ തിരുവനന്തപുരത്തുള്ള 'എൻവയൺമെന്റൽ റിസോർസസ് റിസർച്ച് സെന്റർ' (ERRC) എന്ന കേന്ദ്ര ഗവൺമെന്റ് അംഗീകൃത സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയത്.

(ബി) ഉണ്ട്.

(സി) തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡ്, നാഷണൽ തെർമൽ പവർ കോർപ്പറേഷൻ, മിനിസ്ട്രി ഓഫ് എൻവയൺമെന്റ് ആന്റ് ഫോറസ്റ്റ്, ഓയിൽ ആന്റ് നാച്ചുറൽ ഗ്യാസ് കമ്മീഷൻ, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി, കൗൺസിൽ ഫോർ സയന്റിഫിക് ആന്റ് ഇന്റസ്ട്രിയൽ റിസർച്ച്; ഇന്ത്യൻ കൗൺസിൽ ഫോർ അഗ്രികൾച്ചറൽ റിസർച്ച് മുതലായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിവിധ പരിസ്ഥിതി പഠനങ്ങൾ പ്രസ്തുത സ്ഥാപനം നടത്തിയിട്ടുണ്ട്.

(ഡി) പാത്രക്കടവ് പദ്ധതിയെ സംബന്ധിച്ച് താഴെ പറയുന്ന പഠനങ്ങളാണ് ഇ.ആർ.ആർ.സി.-യെ ഏൽപ്പിച്ചിരിക്കുന്നത്.

(i) കേന്ദ്രഗവൺമെന്റിന്റെ ഒന്നാംഘട്ട പരിസ്ഥിതി അനുമതിക്കാവശ്യമായ 'എൻവയൺമെന്റൽ റെക്കനൈസൻസ് സർവ്വേ' റിപ്പോർട്ട്.

(ii) പബ്ലിക് ഹിയറിംഗിനാവശ്യമായ റാപ്പിഡ് എൻവയൺമെന്റൽ ഇംപാക്ട് അസസ്മെന്റ് റിപ്പോർട്ട്.

(iii) കേന്ദ്രഗവൺമെന്റിന്റെ രണ്ടാംഘട്ട പരിസ്ഥിതി ക്ലിയറൻസിനും ഫോറസ്റ്റ് ക്ലിയറൻസിനും ആവശ്യമായ (a) കോംപ്രിഹെൻസീവ് എൻവയൺമെന്റൽ ഇംപാക്ട് അസ്സസ്മെന്റ് റിപ്പോർട്ട് (b) ഡാം ബ്രേക്ക് അനാലിസിസ് (c) ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ. മേൽപ്പറഞ്ഞവയ്ക്കുള്ള അടങ്കൽ തുക 21 ലക്ഷം രൂപയും 5 ശതമാനം സർവ്വീസ് ടാക്സുമാണ്. ഇതിൽ (i), (ii) എന്നീ പഠനങ്ങൾ പൂർത്തിയാക്കി റിപ്പോർട്ട് നൽകിയ ഇനത്തിൽ 13.419 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly